(ബി) അവർ ആരെല്ലാം; ഏതെല്ലാം കേസ്സുമായി ബന്ധപ്പെട്ടാണ് ഇവരെ അറസ്റ്റ് ചെയ്തത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിലാണ് നടപടികൾ സ്വീകരിച്ചത്;

(ഡി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) ലോക്കപ്പ് മരണം ഉണ്ടായിട്ടില്ല. കസ്റ്റഡിയിൽ വച്ച് മരണമടഞ്ഞതിന്റെ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

രാഷ്ട്രീയ കൊലപാതകങ്ങളും സംഘട്ടനങ്ങളും

(69) ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) കൊല്ലപ്പെട്ടവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണ്;

(ഡി) ഇവരെ കൊലപ്പെടുത്തിയ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്; അവർക്കുള്ള രാഷ്ട്രീയ ബന്ധമെന്താണ്;

(ഇ) പരിക്ക് പറ്റിയവരുടെ രാഷ്ട്രീയ ബന്ധങ്ങൾ വ്യക്തമാക്കുമോ;

(എഫ്) ഏതെങ്കിലും കളക്ടറേറ്റിലോ സർക്കാർ ഓഫീസിലോ ബോംബും മറ്റ് മാരകായുധങ്ങളുമായി കടന്ന് ചെന്ന് ആരെയെങ്കിലും ആക്രമിക്കുവാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എതിരെ കേസ്സുകൾ എടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഇവരുടെ രാഷ്ട്രീയ ബന്ധം എന്താണ്?

ഉത്തരം

(എ) 47 രാഷ്ട്രീയ കൊലപാതകങ്ങളും 3285 രാഷ്ട്രീയ സംഘട്ടനങ്ങളും നടന്നിട്ടുണ്ട്.

(ബി)

ജില്ല	രാഷ്ട്രീയ കൊലപാതകം	രാഷ്ട്രീയ സംഘട്ടനം
തിരുവനന്തപുരം	3	151
കൊല്ലം	2	79
പത്തനംതിട്ട	3	79

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	2	276
കോട്ടയം	3	86
ഇടുക്കി	ഇല്ല	136
എറണാകുളം	-	49
തൃശ്ശൂർ	4	267
പാലക്കാട്	1	218
മലപ്പുറം	-	165
കോഴിക്കോട്	5	469
വയനാട്	-	21
കണ്ണൂർ	19	779
കാസർഗോഡ്	5	510
	47	3285

(സി) കൊല്ലപ്പെട്ടവർ സി.പി.എം., ബി.ജെ.പി., കോൺഗ്രസ്-ഐ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ലീഗ് എന്നീ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരും അവരുടെ അനുഭാവികളും ആണ്.

(ഡി) ഇവരെ കൊലപ്പെടുത്തിയവർ ആർ.എസ്സ്.എസ്സ്., ബി.ജെ.പി., കോൺഗ്രസ്-ഐ., സി.പി.ഐ. (എം), സി.പി.ഐ. (എം.എൽ) ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, എൻ.ഡി.എഫ്. എന്നീ കക്ഷികളിൽപ്പെട്ടവരോ അവരുടെ അനുഭാവികളോ ആണ്.

(ഇ) പരിക്ക് പറ്റിയവർ, സി.പി.എം., ബി.ജെ.പി., ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ലീഗ്, കോൺഗ്രസ് ഐ. എന്നീ രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരും, അവരുടെ അനുഭാവികളും ആണ്.

(എഫ്) ആക്രമിക്കുവാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം

(70) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) കൊല്ലപ്പെട്ടവരിൽ വിദ്യാർത്ഥികൾ എത്ര;

(സി) കൊല്ലപ്പെട്ടവർ ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരോ രാഷ്ട്രീയ കക്ഷികളുടെ അനുഭാവികളോ ആണ്.

(ഡി) ഇവരുടെ ഘാതകർ ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരോ, രാഷ്ട്രീയ കക്ഷികളുടെ അനുഭാവികളോ ആണ്?

ഉത്തരം

(എ) 47 (നാൽപ്പത്തി ഏഴ്)

(ബി) 6 (ആറ്)

LIBRARY ARCHIVES Kerala Legislative Assembly